**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം അഗസ്ത്യൻമുഴി റോഡ് പ്രവൃത്തി നടത്തുന്നതിന് യൂട്ടിലിറ്റി ഷിഫ്റ്റിംഗിന് തനതു ഫണ്ടിൽ നിന്നും തുക ബന്ധപ്പെട്ട വകുപ്പുകളിൽ അടവാക്കുന്നതിന് ചാത്തമംഗലം ഗ്രാമപഞ്ചായത്തിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം.141/2021/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി,**20/01/2021**

പരാമർശം:- പി ടി എ റഹിം എം എൽ എ യുടെ 30/10/2020 ലെ കത്ത്.

**<u>ഉത്തരവ്</u>**

കുന്ദമംഗലം അഗസ്ത്യൻമുഴി റോഡ് പ്രവൃത്തി നടത്തുന്നതിന് ബി.എസ്.എൻ.എൽ, വാട്ടർ അതോറിറ്റി, വൈദ്യുതി ബോർഡ് എന്നിവയുടെ യൂട്ടിലിറ്റികൾ മാറ്റേണ്ടതുണ്ടെന്നും സി.ആർ.എഫ് പദ്ധതിയിൽ റോഡ് പ്രവർത്തി നടത്തുന്നതിനാൽ യൂട്ടിലിറ്റി ഷിഫ്റ്റിംഗിന് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക ബന്ധപ്പെട്ട വകുപ്പുകളിൽ അടവാക്കുന്നതിന് ചാത്തമംഗലം ഗ്രാമപഞ്ചായത്തിന് യഥേഷ്ടാനുമതി നൽകണമെന്ന് പൊതുമരാമത്ത് അസിസ്റ്റന്റ് എൻജിനീയരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ എം.എൽ.എ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുന്ദമംഗലം അഗസ്ത്യൻമുഴി റോഡ് പ്രവൃത്തി, സി.ആർ.എഫ് പദ്ധതിയിൽ നടത്തുന്നതിനാലും ബി.എസ്.എൻ.എൽ, വാട്ടർ അതോറിറ്റി, വൈദ്യുതി ബോർഡ് എന്നിവയുടെ യൂട്ടിലിറ്റി ഷിഫ്റ്റിംഗിന് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാലും, ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ എസ്റ്റിമേറ്റ് പ്രകാരം തനതു ഫണ്ടിൽ നിന്നും പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ അടവാക്കുന്നതിന് ചാത്തമംഗലം ഗ്രാമപഞ്ചായത്തിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം, )

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, ചാത്തമംഗലം ഗ്രാമ പഞ്ചായത്ത്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

പകർപ്പ് :കുന്നമംഗലം എം എൽ എ യുടെ പി എ യ്ക്ക്

Signature Not Verified

Digitally signed by S BINDU
Date: 2021.01.20 11:39:46 IST
Reason: Approved